പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1740 04/10/2016 -ൽ മറുപടിയ്ക്ക്

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ

ചോദ്യം

ശ്രീ.എം. രാജഗോപാലൻ

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
ബഹു. ഊർജ്ജവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും പ്രസ്തുത ക്ഷേത്രങ്ങളിലെ പ്രതിവർഷ വരുമാനം എത്രയെന്നും ക്ഷേത്രം തിരിച്ച് വ്യക്തമാക്കാമോ;

എ) മലബാറിലെ കാസർഗോഡ് ജില്ല മുതൽ പാലക്കാട് താലൂക്കും ഉൾപ്പെടെ 26 താലൂക്കുകളിലേയും ഫോർട്ട് കൊച്ചിയിലെ 2 ക്ഷേത്രങ്ങളുമടക്കം മലബാർ പ്രദേശത്തെ 1339 പൊതു ക്ഷേത്രങ്ങളുടേയും ധർമ്മസ്ഥാപനങ്ങളുടേയും ഭരണ മേൽനോട്ടമാണ് മലബാർ ദേവസ്വം ബോർഡ് നിർവ്വഹിച്ച് വരുന്നത്. വാർഷിക വരവ് ചെലവ് കണക്കുകൾ ലഭ്യമായ ക്ഷേത്രങ്ങളുടെ പട്ടിക ഡിവിഷൻ തിരിച്ച്, മലബാർ ദേവസ്വം ബോർഡ് ലഭ്യമാക്കിയത് അനുബന്ധമായി ചേർത്തിരിക്കുന്നു.

ബി) ക്ഷേത്രങ്ങളിലെ മാനേജ്മെന്റ് ഫണ്ട് ഉയർത്തിയിട്ടും ശമ്പളം മുടങ്ങിയ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും ഇതു പരിഹരിക്കാൻ എപ്പോൾ കഴിയുമെന്നും വ്യക്തമാക്കാമോ?

ബി) ജീവനക്കാർക്ക് പൂർണ്ണമായി ശമ്പളം നൽകാൻ കഴിയാത്ത ക്ഷേത്രങ്ങളുടെ എണ്ണം 12 ആണ്. ക്ഷേത്ര ഭരണാധികാരികൾ കൃത്യമായി കണക്കുകൾ തയ്യാറാക്കി ശമ്പളധനസഹായത്തിനുള്ള പ്രൊപ്പോസൽ യഥാസമയം സമർപ്പിച്ചാൽ ശമ്പളം മുടങ്ങുന്ന സാഹചര്യം ഇല്ലാതാകുന്നതാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ